ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:12.08.2024**

## പ്രധാനവാർത്തകൾ

1) വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പിൽ കഴിയുന്നവരുടെ താത്കാലിക പുനരധിവാസം ഈ മാസം തന്നെ ഉറപ്പുവരുത്തുമെന്ന് റവന്യൂമന്ത്രി കെ.രാജൻ. ദുരന്തത്തിനിരയായവരുടെ വായ്പകൾ എഴുതി തള്ളാൻ കേരളാ ബാങ്ക് തീരുമാനം.

2) അമീബിക് മസ്തിഷ്ക ജ്വരം തിരുവനന്തപുരത്ത് മൂന്ന് പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, ജലാശയങ്ങളിൽ കുളിച്ചവർ, രോഗലക്ഷണം കണ്ടാൽ ഇക്കാര്യം അറിയിച്ച് ചികിത്സ തേടണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

3) മുല്ലപ്പെരിയാർ ഡാം സുരക്ഷ ചർച്ച ചെയ്യുന്നതിനുള്ള ഉന്നത തല അവലോകന യോഗം ഇടുക്കിയിൽ ചേർന്നു.

4) പാർക്കിങ്ങ് സംവിധാനവുമായി ബന്ധപ്പെട്ട് കെട്ടിട നിർമാണ ചട്ടങ്ങളിൽ ഇളവ് വരുത്താൻ സർക്കാർ തീരുമാനിച്ചതായി മന്ത്രി എം.ബി രാജേഷ്.

5) കേരളത്തിൽ അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.ഇടുക്കി മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

*****************

RNU TVPM

## മന്ത്രി കെ രാജൻ (ഇൻട്രോ)

വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പിൽ കഴിയുന്നവരുടെ താത്കാലിക പുനരധിവാസം ഈ മാസം തന്നെ ഉറപ്പുവരുത്തുമെന്ന് റവന്യൂമന്ത്രി കെ.രാജൻ. വീടുകളുടെ വാടക സംസ്ഥാന സർക്കാർ നൽകും. സർക്കാർ ക്വോട്ടേഴ്സുകൾക്ക് പുറമേ 100-ഓളം വീടുകൾ സന്നദ്ധ പ്രവർത്തകർ സൗജന്യമായി നൽകിയിട്ടുണ്ട്. ഒരാൾക്കും പ്രയാസം ഉണ്ടാക്കാത്ത രീതിയിൽ താത്ക്കാലിക പുനരധിവാസം സാധ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ്)

*****************

## കേരള ബാങ്ക്

വയനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിനിരയായവരുടെ വായ്പകൾ എഴുതി തള്ളാൻ കേരളാ ബാങ്ക് തീരുമാനിച്ചു. കേരള ബാങ്ക് ചൂരൽമല ശാഖയിലെ വായ്പക്കാരിൽ, ദുരന്തത്തിൽ മരണപ്പെട്ടവരുടെയും, ഈടു നൽകിയ വീടും വസ്തുവകകളും നഷ്ടപ്പെട്ടവരുടെയും മുഴുവൻ വായ്പകളും എഴുതി തള്ളുന്നതിനാണ് ബാങ്ക് ഭരണസമിതി യോഗം തീരുമാനിച്ചത്.

RNUTVPM

*****************

## സർട്ടിഫിക്കറ്റ് ക്യാമ്പയിൻ

വയനാട് ഉരുൾപൊട്ടലിൽ വിവിധ രേഖകൾ നഷ്ടപ്പെട്ട 878 പേർക്ക് രണ്ട് ദിവസമായി നടന്ന പ്രത്യേക ക്യാമ്പയിനിലൂടെ 1,162 അവശ്യ സേവന രേഖകൾ വിതരണം ചെയ്തു. റേഷൻ-ആധാർ കാർഡുകൾ, പാസ് ബുക്ക്, വോട്ടർ ഐ.ഡി, പാൻ കാർഡ്, ഇൻഷൂറൻസ്, ഡ്രൈവിംഗ് ലൈസൻസ്, ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ രേഖകൾ ഉൾപ്പടെയുള്ള പ്രാഥമിക രേഖകളാണ് രണ്ട് ഘട്ടങ്ങളിലായി വിതരണം ചെയ്തത്.

*****************

## തിരച്ചിൽ നാളെയും തുടരും

വയനാട് ദുരന്തത്തിൽ കാണാതായവർക്കു വേണ്ടിയുള്ള തിരച്ചിൽ നാളെയും തുടരും. ഇന്നത്തെ തിരച്ചിലിൽ ചാലിയാറിൽ നിന്ന് ഒരു ശരീരഭാഗം കൂടി കണ്ടെത്തി. മഴയെ തുടർന്നാണ് അപകട മേഖലയിലെ തിരച്ചിൽ ഉച്ചയോടെ അവസാനിപ്പിച്ചത്.

*****************

## ഭൂമി വിട്ടു നൽകി

വയനാട് ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് തണലൊരുക്കാൻ തൻറെ പേരിലുള്ള 20 സെൻറ് ഭൂമി വിട്ടു നൽകി വയനാട് കോട്ടത്തറ സ്വദേശി അജിഷയും, ഭർത്താവ് ഹരിദാസും. ഭൂമിയുടെ രേഖ മുഖ്യമന്ത്രി പിണറായി വിജയന് ഇരുവരും ചേർന്ന് കൈമാറി. അജിഷയുടെ അച്ഛനും അമ്മയ്ക്കും വീടുവയ്ക്കുന്നതിനായി വയനാട് കമ്പളക്കാട് വാങ്ങിയ സ്ഥലമാണ് ദുരിതബാധിതർക്ക് വീട് വയ്ക്കാനായി സർക്കാരിലേക്ക് വിട്ടു നൽകിയത്.

RNU TVPM

*****************

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരം തിരുവനന്തപുരത്ത് 3 പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, കുളം, തോട് തുടങ്ങിയ ജലാശയങ്ങിൽ കുളിച്ചവർക്ക് രോഗലക്ഷണങ്ങൾ കണ്ടാൽ ഇക്കാര്യം അറിയിച്ച് ചികിത്സ തേടണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇത്തരം ജലവുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കം ഉണ്ടായിട്ടുള്ളവർക്ക് തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാനുള്ള ബുദ്ധിമുട്ട് തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനടി ചികിത്സ തേടേണ്ടതാണ്. 97 ശതമാനം മരണ നിരക്കുള്ള രോഗമാണിതെന്നും ആരംഭത്തിൽ തന്നെ രോഗം കണ്ടെത്തി ചികിത്സിക്കുന്നത് പ്രധാനമാണെന്നും മന്ത്രി അറിയിച്ചു. ലോകത്ത് തന്നെ രോഗമുക്തി കൈവരിച്ചിട്ടുള്ളത് ആകെ 11 പേർ മാത്രമാണ്. കേരളത്തിൽ

രണ്ട് പേരാണ് ഇതുവരെ രോഗമുക്തി നേടിയതെന്നും മന്ത്രി അറിയിച്ചു. പായൽ പിടിച്ചു കിടക്കുന്നതോ മൃഗങ്ങളെ കുളിപ്പിക്കുന്നതോ മാലിന്യമുള്ളതോ ആയ കുളങ്ങളിലെ വെള്ളത്തിൽ കുളിക്കുകയോ മുഖം കഴുകുകയോ ചെയ്യരുത്. വർഷങ്ങളായി വൃത്തിയാക്കാത്ത വാട്ടർ ടാങ്കിലെ വെള്ളം ഉപയോഗിക്കുന്നവരും ശ്രദ്ധിക്കണം. ചെളി കെട്ടിക്കിടക്കുന്ന വെള്ളത്തിൽ അമീബ ഉണ്ടോയേക്കാം. മൂക്കിൽ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ, തലയിൽ ക്ഷതമേറ്റവർ, തലയിൽ ശസ്ത്രക്രിയ്ക്ക് വിധേയമായവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. ചെവിയിൽ പഴുപ്പുള്ളവർ കുളത്തിലും തോട്ടിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മറ്റും കുളിക്കാൻ പാടില്ല. . വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം. മൂക്കിലേക്ക് വെള്ളം ഒഴിക്കുകയോ ഒരു തരത്തിലും വലിച്ചു കയറ്റുകയോ ചെയ്യരുതെന്നും മന്ത്രി നിർദ്ദേശിച്ചു.

*****************

## ഇടുക്കി (ഇൻട്രോ)

മുല്ലപ്പെരിയാർ ഡാം  സുരക്ഷ  ചർച്ച ചെയ്യുന്നതിനായി ഉന്നത തല അവലോകന യോഗം ഇടുക്കി കളക്ടറേറ്റിൽ ചേർന്നു. സർക്കാർ ജനങ്ങൾക്കൊപ്പമാണെന്നും, ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ യോഗത്തിൽ വ്യക്തമാക്കി.

വിശദാംശങ്ങളുമായി ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ......

(വോയി സ്)

*****************

## മുല്ലപ്പെരിയാർ സമര സമിതി

മുല്ലപ്പെരിയാർ വിഷയത്തിൽ ജനകീയ പ്രക്ഷോഭങ്ങൾ ഒഴിവാക്കി, വിഷയം സംബന്ധിച്ച് ജനങ്ങളെ കൂടുതൽ ബോധവത്കരിച്ച് സർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്ന് മുല്ലപ്പെരിയാർ സമര സമിതി. പതിനഞ്ചാം തിയതിയിലെ യോഗത്തിന് ശേഷം, പുതിയ

RNU TVPM

സമര പരിപാടികളിൽ തീരുമാനം എടുക്കുമെന്നും സമിതി അറിയിച്ചു.

*****************

## മാർച്ച് നടത്തി - fഇടുക്കി

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് കേരളത്തിൽ ഉയരുന്ന അനാവശ്യ പ്രചാരണങ്ങൾ അവസാനിപ്പിയ്ക്കണം എന്നാവശ്യപ്പെട്ട് തമിഴ്നാട് കർഷക സംഘടനകൾ മാർച്ച് നടത്തി. സമൂഹ മാധ്യമങ്ങളിലൂടെ തെറ്റായ പ്രചരണങ്ങൾ നടക്കുന്നെന്നും, കേരളത്തിലെ രാഷ്ട്രീയക്കാർ അനാവശ്യ വിവാദങ്ങൾ സൃഷ്ടിയ്ക്കുന്നുവെന്നുമാണ് കർഷക സംഘടനകളുടെ ആരോപണം. കുമളിയിലേയ്ക്കുള്ള ചുരം പാത ഉപരോധിയ്ക്കാൻ എത്തിയ സമരക്കാരെ ലോവർ ക്യാമ്പിൽ പോലീസ് തടഞ്ഞു.

*****************

## എം ബി രാജേഷ്

കെട്ടിടനിർമ്മാണം നടക്കുന്ന പ്ലോട്ടിൽ തന്നെ ആവശ്യമായ പാർക്കിംഗ് സംവിധാനം ഒരുക്കണം എന്ന കെട്ടിടനിർമാണ ചട്ടത്തിലെ വ്യവസ്ഥയിൽ ഇളവ് വരുത്തുമെന്ന് തദ്ദേശസ്വയംഭരണ മന്ത്രി എം ബി രാജേഷ്. കെട്ടിടം നിർമിക്കുന്ന വ്യക്തിയുടെ പേരിലുള്ള സമീപ പ്ലോട്ടിൽ കൂടി പാർക്കിംഗ് സംവിധാനം അനുവദിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പരിഷ്കരണ നടപടികൾ വിശദീകരിച്ചുകൊണ്ട് മന്ത്രി പറഞ്ഞു. കെട്ടിട നിർമാണ പെർമിറ്റുകളുടെ കാലാവധി ലളിതമായ നടപടികളിലൂടെ 15 വർഷം വരെ നീട്ടുന്നതിന് സൗകര്യം ഒരുക്കും. ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ ജനസൗഹൃദവും കാര്യക്ഷമവുമാക്കുമെന്നും മന്ത്രി അറിയിച്ചു. തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് സമയബന്ധിതമായി സേവനം ഉറപ്പാക്കാനും അഴിമതി പൂർണമായി തടയാനും ലക്ഷ്യമിട്ട് കോൾ സെന്ററും വാട്സപ്പ് നമ്പറും ഏർപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

*****************

<u>സ്വാതന്ത്ര്യദിനാഘോഷം</u>

സംസ്ഥാനത്ത് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ആഗസ്റ്റ് 15 രാവിലെ 9 ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. തുടർന്ന് വിവിധ സേനാവിഭാഗങ്ങളുടെ
അഭിവാദ്യവും മുഖ്യമന്ത്രി സ്വീകരിക്കും. സ്വാതന്ത്ര്യദിന സന്ദേശം അദ്ദേഹം ചടങ്ങിൽ നൽകും. ജില്ലാ ആസ്ഥാനങ്ങളിലും നടക്കുന്ന ചടങ്ങുകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.

*****************

<u>കെ.സി.വേണുഗോപാൽ-സെബി</u>

സെബി മേധാവിക്കെതിരായ
ഹിൻഡൻബെർഗ് വെളിപ്പെടുത്തലിൽ സംയുക്ത പാർലമെന്ററി സമിതി അന്വേഷണം വേണമെന്ന് കെ.സി.വേണുഗോപാൽ എംപി. അന്വേഷണത്തിന് തയ്യാറാകുന്നില്ലെങ്കിൽ
കോൺഗ്രസ് രാജ്യവ്യാപകമായ പ്രതിഷേധം സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. സെബി മേധാവിക്ക് ഇത്തരം കമ്പനികളിൽ നിക്ഷേപമുണ്ടെന്ന വസ്തുത മറച്ചുവച്ചാണ് സുപ്രീം കോടതിയിൽ സെബി റിപ്പോർട്ട് നൽകിയതെന്നും അദ്ദേഹം ആരോപിച്ചു.
എന്നാൽ ഹിൻഡൻബർഗ് റിപ്പോർട്ടിൻറെ പേരിൽ രാജ്യത്തിൻറെ സമ്പദ്വ്യവസ്ഥ തകർക്കാനുള്ള നീക്കമാണ് കോൺഗ്രസ് നടത്തുന്നതെന്ന് മുൻമന്ത്രി വി മുരളീധരൻ വിമർശിച്ചു.
ഇന്ത്യൻ ഓഹരി വിപണിയെ തളർത്തി അതുവഴി നേട്ടമുണ്ടാക്കുകയാണ് ഷോർട്ട്
സെല്ലറായ ഹിൻഡൻബെർഗിൻറെ ശൈലിയെന്നും അദ്ദേഹം പറഞ്ഞു .

*****************

<u>കാലാവസ്ഥ</u>

RNU TVPM

കേരളത്തിൽ അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഇടുക്കി മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. നാളെ പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. തെക്കൻ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 16 വരെ മത്സ്യബന്ധനത്തിന് പോകരുത്. കർണാടക തീരത്ത് മീൻപിടിത്തത്തിന് തടസ്സമില്ല.

*****************

****

*

RNU TVPM